(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) പരിഗണനയിലില്ല.

2013-14 അദ്ധ്യയന വർഷം ഒഴിഞ്ഞുകിടന്ന പ്ലസ് വൺ സീറ്റുകൾ

7(1048) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കണ്ടറിയിൽ എത്ര അധിക ബാച്ചുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ; ഇത് ഏതെല്ലാം സ്കൂളിലാണ് അനുവദിച്ചത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളിൽ പ്രവേശനം നൽകാതെ ഒഴിഞ്ഞുകിടന്നിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ എണ്ണം സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് വിഭാഗങ്ങളിലായി ജില്ല തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2013-2014 അദ്ധ്യയന വർഷം സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ അധിക ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് 2013-14 അദ്ധ്യയന വർഷം ആകെ 25,689 സീറ്റുകൾ ഒഴിഞ്ഞുകിടന്നു.

(സി) ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പുതിയതായി അനുവദിച്ച പ്ലസ് ടു ബാച്ചുകൾ

8(1049) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുവദിച്ച പുതിയ പ്ലസ് ടു ബാച്ചുകൾ എത്രയെന്ന് സർക്കാർ-എയ്ഡഡ്-അൺ എയിഡഡ് മേഖല തിരിച്ച് വിശദമാക്കുമോ ;

(ബി) 2011-ൽ അനുവദിച്ച ബാച്ചുകളിലെ അദ്ധ്യാപകരുടെ നിയമനം സ്ഥിരപ്പെടുത്തിയോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയ ബാച്ചിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ നൂറു വർഷത്തോളം പൂർത്തിയായ 'കന്നം എച്ച്.എസ്.എസ് ', 'ചുനക്കര എച്ച്.എസ്.എസ്.' എന്നിവയുടെ സൗകര്യമില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക അനുവദിക്കുമോ ; ആയതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(എഫ്) കടശ്ശനാട് ഗവ. എസ്.വി.എച്ച്.എസ്.എസ്.-ന് ലാബിന്റെ പ്രവർത്തനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ അധ്യയന വർഷം ഇതുവരെ സംസ്ഥാനത്ത് അധികബാച്ചുകൾ അനുവദിച്ചിട്ടില്ല.

(ബി) 2011-2012-ൽ സർക്കാർ മേഖലയിൽ അനുവദിച്ച അധിക ബാച്ചുകളിലേയ്ക്കുള്ള തസ്തിക സൃഷ്ടിച്ചുകൊണ്ട് 5-8-2013-ലെ സ.ഉ. (കൈ.) നമ്പർ 226/13/പൊ.വി പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ സ്ഥിര നിയമനം നടന്നുവരികയാണ്.

(സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ & എഫ്) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ് വൺ പ്രവേശനം

9(1055) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ലെ എസ്.എസ്.എൽ.സി. പരീക്ഷാഫലം നേരത്തെ തന്നെ പ്രഖ്യാപിച്ചിട്ടും പ്ലസ് വൺ പ്രവേശനം ആരംഭിക്കുന്നതിന് കാലതാമസമുണ്ടായതിനുള്ള കാരണം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly